# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 112 11.02.2016 -ൽ മറുപടിയ്ക്ക്

## 'ഓപ്പറേഷൻ ഗ്രാമ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.കെ.ബഷീർ | **ശ്രീ. അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പുമന്ത്രി)** |
| എ) വിജിലൻസ് വകുപ്പ് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ "ഓപ്പറേഷൻ ഗ്രാമ"യിലെ കണ്ടെത്തലുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ അതിലെ കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ജനോപകാരക്ഷേമവും അഴിമതി മുക്തവുമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>വിശദമാക്കുമോ; | എ) യും ബി) യും<br>"ഓപ്പറേഷൻ ഗ്രാമ" എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തെ വിവിധ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ മിന്നൽപരിശോധനകളുടെ റിപ്പോർട്ട് ഇപ്പോൾ വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനയിലാണ്. വിജിലൻസ് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽമാത്രമേ ആയതിന്മേൽ നടപടികൾ സ്വീകരിയ്ക്കാൻ സാധിയ്ക്കുകയുള്ളൂ. |

| | |
|---|---|
| സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം നിശ്ചയിക്കാനും നടപടിക്രമങ്ങൾ ലളിതമാക്കിയും നവസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും നവീകരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം കുറയ്ക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനുമായി ഇന്റർനെറ്റ് പോലുള്ള നവസാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി അക്ഷയകേന്ദ്രങ്ങൾവഴി സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റവന്യൂ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 'ഇ-ഡിസ്ട്രിക്ട്' പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഏതുസമയത്തും എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിയ്ക്കുകയും അവ ലഭ്യമാക്കുകയും ചെയ്യുന്ന ഈ സംവിധാനത്തിന് വർദ്ധിച്ച ബഹുജന പിന്തുണ ലഭിച്ചിട്ടുണ്ട്. റവന്യൂ സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഓൺലൈനായി തന്നെ ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽവരുന്നതാണ്. വില്ലേജ് ഓഫീസിൽനിന്നും സർക്കാരിലേയ്ക്ക് ലഭിയ്ക്കേണ്ട റിപ്പോർട്ടുകൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽതന്നെ ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകളിലെ ജോലിഭാരം ഒരു പരിധിവരെ കുറയ്ക്കുന്നതിനും മേൽപ്പറഞ്ഞ സംവിധാനങ്ങൾ സഹായകമാണ്. |

സെക്ഷൻ ഓഫീസർ